# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1465 14/06/2013-ൽ മറുപടിയ്ക്ക്

**പഴം പച്ചക്കറി ഉൽപാദനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ പച്ചക്കറികളാണ് ആവശ്യമെന്നും ആഭ്യന്തര ഉൽപാദനം എത്ര ടൺ ആണെന്നും വ്യക്തമാക്കുമോ; | എ) കേരളത്തിലെ ജനസംഖ്യയും പച്ചക്കറികളുടെ ഉപയോഗവും കണക്കിലെടുത്താൽ ഏകദേശം 37.72 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമാണ്. എന്നാൽ സംസ്ഥാനത്തിന്റെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 8.25 ലക്ഷം മാത്രമാണ്. |
| ബി) | പഴം പച്ചക്കറി ഉൽപാദനത്തിനും വിപണനത്തിനും എന്തൊക്കെ സഹായങ്ങൾ ചെയ്യുന്നുണ്ട് ; | ബി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപ്പു വർഷം 56.25 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നു. ഇതിലെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നു.<br>1. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനായി സ്കൂൾ കുട്ടികൾ, കൃഷി ഭവൻ എന്നിവ മുഖേന പച്ചക്കറി വിത്ത് വിതരണം.<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രോബാഗുകൾ വിതരണം.<br>3. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.<br>4. കൃഷി സംബന്ധമായ പരിശീലനവും പ്രചരണവും.<br>5. ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം.<br>6. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായവും കരാർ നിയമനവും.<br>7. വിഷമുക്തമായ ജൈവ രീതിയിലുള്ള പച്ചക്കറി കൃഷിയ്ക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് ധനസഹായം.<br>8. വിത്ത് വിതരണം ചെയ്യാനുള്ള സീഡ് വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ.<br>9. മികച്ച കാർഷിക പ്രവർത്തനത്തിന് അവാർഡ് / ഇൻസെന്റീവ്.<br>10. എ ഗ്രേഡ് പച്ചക്കറി കൃഷി ക്ലസ്റ്ററുകൾക്ക് ധനസഹായം.<br>11. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനത്തോട്ടത്തിന് സഹായം.<br>12. പദ്ധതി ഡോക്കുമെന്റേഷൻ |

13. പദ്ധതി വിലയിരുത്തൽ.
14. ബ്ലോക്കുതല ഓർഗനൈസേഷനുകൾ മുഖേന ക്ലസ്റ്ററുകൾക്ക് റിവോൾവിംഗ് ഫണ്ട്, വിപണി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കൽ
15. കിഴങ്ങു വർഗ്ഗ വിളകളുടെ വികസനത്തിന് ധനസഹായം.
16. ബ്ലോക്കുതലത്തിൽ തൈകളുടെ നഴ്സറികൾ സ്ഥാപിക്കുന്നതിന് ധന സഹായം.

കൂടാതെ വയനാട് പാക്കേജ് മുഖേന 400 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 150 ഹെക്ടറിൽ പ്രിസിഷൻ ഫാമിംഗ് ചെയ്യുന്നതിനും ധനസഹായം നൽകുന്നു.

പഴങ്ങളുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിന് വേണ്ടി മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും, വിത്തുത്പാദന യൂണിറ്റുകൾക്കും ധനസഹായം നൽകുന്നു. വാഴ, കൈതച്ചക്ക, മാവ് തുടങ്ങിയ ഫലവർഗ്ഗ വിളകളുടെ പുതിയ ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നു. ഗുണ നിലവാരമുള്ള തൈകളുടെ ഉത്പാദനത്തിന് വേണ്ടി പുതിയ ടിഷ്യുക്കൾച്ചർ ലാബുകൾ സ്ഥാപിക്കുവാനും പ്രവർത്തന ക്ഷമമായ ലാബുകളുടെ പുനരുദ്ധാരണത്തിനായും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നു. പഴങ്ങളുടെ വിപണന സംബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നു. ഇതിലേയ്ക്കായി റൂറൽ മാർക്കറ്റ്, റീറ്റെയിൽ മാർക്കറ്റ് ഇവ സ്ഥാപിക്കുവാൻ പദ്ധതിയുടെ മൊത്തചെലവിന്റെ നിശ്ചിത ശതമാനം സബ്സിഡിയായി നൽകുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(RKVY)-യുടെ സാമ്പത്തിക സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവിക്കുളം താലൂക്കിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ശീതകാല പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കേരള സർക്കാർ കൃഷി വകുപ്പും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയും, ഹോർട്ടിക്കോർപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 3,000 ഹെക്ടർ സ്ഥലത്ത് കൃഷി

3,000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായി 1164.05 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. നല്ലയിനം നടീൽ വസ്തുക്കളുടെ വിതരണം, ശാസ്ത്രീയമായ കൃഷി രീതികളെക്കുറിച്ചുള്ള ബോധവത്ക്കരണം, വിലസ്ഥിരത ഉറപ്പ് വരുത്തുക തുടങ്ങിയ പ്രധാന ലക്ഷ്യങ്ങളാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിയ്ക്കായി 7500 ഏക്കർ സ്ഥലത്തേയ്ക്ക് 675 ലക്ഷം രൂപ.
2. സംരക്ഷിത കൃഷിയ്ക്കായി 12 ലക്ഷം രൂപ
3. സംയോജിത രോഗ കീട നിയന്ത്രണത്തിനായി 30 ലക്ഷം രൂപ
4. പച്ചക്കറി തൈകൾ ഉത്പാദിപ്പിക്കുന്നതിനായി 1 ലക്ഷം രൂപ
5. സ്കൂളുകളിൽ പച്ചക്കറിത്തോട്ടം ആരംഭിക്കുന്ന-തിനായി 0.50 ലക്ഷം രൂപ
6. യന്ത്രവത്ക്കരണത്തിനായി 7.25 ലക്ഷം രൂപ
7. വിളവെടുപ്പാനന്തര പരിപാലനത്തിനായി 165.50 ലക്ഷം രൂപ
8. സങ്കരയിനം പച്ചക്കറി കൃഷിയ്ക്കായി 11.25 ലക്ഷം രൂപ
9. വിപണികളുടെ അടിസ്ഥാന സൗകര്യ സ്ഥാപനം 241.50 ലക്ഷം രൂപ
10. മാനവ വിഭവശേഷി വികസനത്തിനായി 20.05 ലക്ഷം രൂപ

പച്ചക്കറി ഉത്പ്പാദനത്തിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 'വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്' എന്ന പദ്ധതിയിലൂടെ താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു.

1. തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷി

2. സംയോജിത രോഗകീട നിയന്ത്രണം പച്ചക്കറികളിൽ

3. പച്ചക്കറി വിത്തുൽപ്പാദനം.

4. കമ്മ്യൂണീറ്റി നഴ്സറികൾ.

5.സങ്കരയിനം പച്ചക്കറികളുടെ മാതൃകാ പ്രദർശനം

6. മട്ടുപ്പാവ് പച്ചക്കറി കൃഷി.

7.വീട്ടുവളപ്പിലെ അടുക്കളത്തോട്ടങ്ങൾ.

8. സ്ക്കൂളുകളിലെ പച്ചക്കറിത്തോട്ടം .

പച്ചക്കറി വിപണനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ചില്ലറ വിൽപ്പനശാലകൾ.
2. ഉന്ത് വണ്ടികൾ.
3. സഞ്ചരിക്കുന്ന വിൽപ്പന യൂണിറ്റുകൾ.

പച്ചക്കറികൃഷി പ്രോത്സാഹന പദ്ധതി പ്രകാരം മട്ടുപ്പാവിലെ പച്ചക്കറി കൃഷി, അടുക്കള പച്ചക്കറിത്തോട്ടം, സ്കൂളുകളിലെ പച്ചക്കറിത്തോട്ടം, തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിയ്ക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എസ്.എച്ച്.എം മുഖാന്തിരം എന്നീ ഘടകങ്ങളും നടപ്പിലാക്കുന്നു.

കൂടാതെ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കൃഷിവകുപ്പിന്റെ ധനസഹായത്തോടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതുവഴി 2012-13 കാലയളവിൽ വി.എഫ്.പി.സി.കെ. കർഷകരുടെ പച്ചക്കറി കൃഷി 21000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- 518 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു
- 370 കർഷക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

- ഗുണമേന്മയുള്ള 60 മെട്രിക് ടൺ പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് വിതരണം നടത്തി
- ശീതകാല പച്ചക്കറി കൃഷി 100 ഹെക്ടറിലേയ്ക്ക് കൂടി വ്യാപിപ്പിച്ചു
- ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി ഇനങ്ങളുടെ 42 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത് കഴിഞ്ഞു
- പച്ചക്കറി കൃഷിയിൽ നൂതന സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്ങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളി ഹൗസ് പദ്ധതി മുതലായവ നടപ്പിലാക്കി വരുന്നു
- പങ്കാളിത്ത ഗവേഷണം, നൂതന സാങ്കേതിക വിദ്യകളുടെ പ്രദർശനം, പ്രചാരണം തുടങ്ങിയ പരിപാടികൾ പഴം പച്ചക്കറി മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്.
- 35 കോടി രൂപ പഴം പച്ചക്കറി മേഖലയിലെ കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കി.
- പഴം പച്ചക്കറി വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, ലൈഫ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുകയും ചെയ്തു .
- ഓർഗാനിക് ഫാമിങ് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി PGS (Participatory Guarantee System) സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ കൗൺസിൽ നടത്തി വരുന്നു.
- മണ്ണ് പരിശോധന നടത്തി വളപ്രയോഗ ശുപാർശകളടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തുവരുന്നു.
- കൗൺസിലിന്റെ സ്വാശ്രയകർഷക വിപണികൾ വഴി വ്യാപാരം 1.01 ലക്ഷം ടൺ പഴം പച്ചക്കറികൾ 2012-13 സാമ്പത്തിക വർഷം വിപണനം നടത്തിയിട്ടുണ്ട്.
- കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥാ വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്ത് കർഷകരിലെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- 10 പുതിയ കാർഷിക വിപണികളുടെ രൂപീകരണം, 252 നിലവിലുള്ള വിപണികളുടെ പ്രവർത്തനം, സ്വാശ്രയത്വം എന്നിവയ്ക്കുള്ള സഹായം
- സ്വാശ്രയകർഷക വിപണികളുടെ വികസനവും, നെറ്റ് വർക്കിംഗ് സംവിധാനവും നടപ്പിലാക്കുന്നതിനുള്ള നട പടികൾ ചെയ്തുവരുന്നു.
- ഉല്പന്നങ്ങളുടെ വില ഇടിയുന്ന അവസര ങ്ങളിൽ ഫെയർ പ്രൈസ് സംവിധാനം നട പ്പിലാക്കുകയും ഉല്പന്നങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ച് നല്കുകയും ചെയ്തുവരുന്നു.
- പഴം പച്ചക്കറി മേഖലയിലെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനുള്ള പദ്ധതികൾ കൗൺസിൽ ആവിഷ്ക്കരിച്ച് വരുന്നു.

| | | | |
|---|---|---|---|
| സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴം, പച്ചക്കറികളിൽ മാരകമായ അളവിൽ കീടനാശിനി അടങ്ങിയിട്ടുണ്ട് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി | ഉണ്ട്. |
| ഡി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ? | ഡി) | കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ റിസർച്ച് അനലിറ്റിക്കൽ ലബോറട്ടറി ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുകയും പച്ചക്കറികളിൽ നിന്ന് വിഷാംശം നീക്കം ചെയ്യുന്ന മാർഗ്ഗങ്ങൾ ജനങ്ങളെ അറിയിക്കുന്നതിന് വ്യാപകമായ പ്രചാരം നല്കുകയും ചെയ്തിട്ടുണ്ട്. |

Sncharg

സെക്ഷൻ ഓഫീസർ